**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2280** **05/12/2018-ൽ മറുപടിയ്ക്ക്**

**ബാലമന്ദിരങ്ങളുടെ രജിസ്ട്രേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) ബാലനീതി നിയമപ്രകാരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി 2018 മേയ് 31-ന് അവസാനിച്ചപ്പോൾ സംസ്ഥാനത്ത് 295 ബാലമന്ദിരങ്ങൾ അടച്ചുപൂട്ടേണ്ടിവന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പുതിയ ബാലനീതി നിയമത്തിലെ ചില വ്യവസ്ഥകളാണ് സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന സാഹചര്യം സൃഷ്ടിക്കുന്നതെന്ന് കരുതുന്നുണ്ടോ; | (ബി) ബാലനീതി നിയമത്തിലെ ചില വ്യവസ്ഥകൾ മൂലം സ്ഥാപനങ്ങൾ തുടർന്ന് കൊണ്ട് പോകാൻ കഴിയുകയില്ലെന്നാണ് സ്ഥാപനം നിർത്തലാക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ കാരണമായി ചൂണ്ടിക്കാണിച്ചത്. |
| (സി) എങ്കിൽ ഈ വ്യവസ്ഥകളിൽ ഇളവ് വരുത്തുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; | (സി) ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ഡി) ഇല്ലെങ്കിൽ സംസ്ഥാനത്തെ ബാലമന്ദിരങ്ങളുടെയും അതിലെ അന്തേവാസികളുടെയും സംരക്ഷണം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) അടച്ചുപൂട്ടപ്പെട്ട സ്ഥാപനങ്ങളിലെ കുട്ടികളെ സർക്കാർ നേരിട്ട് നടത്തുന്നതടക്കമുള്ള മറ്റു ശിശു സംരക്ഷണ സ്ഥാപനങ്ങളിലേയ്ക്ക് മാറ്റുന്നതിനും, അച്ഛനമ്മമാർ ഉള്ളതും സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഹോമുകളിൽ കഴിഞ്ഞിരുന്നതുമായ കുട്ടികളെ സ്പോൺസർഷിപ്പ്, ഫോസ്റ്റർ കെയർ എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**